# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.147/PR/PIC/PHQ/14                                                  Date : 01.07.2014

---

## അമിത പലിശ: രണ്ടുപേർ കൂടി അറസ്റ്റിൽ

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവർക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ചൊവ്വാഴ്ച (01-07-2014) 60 റെയ്ഡുകൾ നടത്തിയതായി  സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതേത്തുടർന്ന് രണ്ടുപേർ പോലീസ് പിടിയിലായി. നാല് കേസുകൾ രജിസ്റ്റർ ചെയ്തു. 1,14,000/- രൂപയും കണ്ടെടുത്തിട്ടുണ്ട്. ഇതോടെ ഇതുവരെയായി അമിതപലിശക്കാർക്കെതിരെ നടന്ന 11615-ലേറെ റെയ്ഡുകളിലായി 909-പേർ പിടിയിലായി. 1818 കേസുകൾ ആകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കർശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************